ശ്രീ. കെ. നാരായണക്കുറുപ്പ് : ആയം ഇൻഡ്യാ പാറോൺ ആണെന്നുള്ള സ്ഥിതിക്കു് ഇതു മാറാൻ ഗവണ്മെൻറു് ശ്രമപാർശ ചെയ്യുമെന്ന വിശ്വാസത്തോടുകൂടി ഞാൻ ഈ പ്രമേയം പ്രസ്സു് ചെയ്യുന്നില്ല.

Resolution No. 2 moved by Shri K. Narayana Kurup was, by leave withdrawn.

**Deputy Speaker:** Now we pass on to Resolution No. 3.

## RESOLUTION III

### Report of the Minimum wages Committee for Agricultural Labourers—Publication of

ശ്രീ. എം. വി. വാസു: മാഡം, ഇതാണു് എൻറെ പ്രമേയം:

"കാർഷികത്തൊഴിലാളികളുടെ മിനിമംവേജസു് നിശ്ചയിക്കാൻ നിയമിച്ചിട്ടുള്ള മിനിമംവേജസു് കമ്മിറ്റിയുടെ റിപ്പോർട്ടു് ഉടൻ പ്രസിദ്ധപ്പെടുത്തണമെന്നും കർഷകത്തൊഴിലാളികളുടെ മിനിമംകൂലി നടപ്പിലാക്കാൻ സത്വര കടപടികളും കൈക്കൊള്ളണമെന്നും ഈ സഭ ഗവണ്മെൻറിനോടഭ്യർത്ഥിച്ചു കൊള്ളുന്നു."

1958-ൽ കമ്മ്യൂണിസ്റ്റു ഗവണ്മെൻറു് തിരുവിതാംകൂറിലുണ്ടായിരുന്ന മിനിമംവേജസു് ആക്റ്റു് ഒരു എക്സിക്യൂട്ടീവു് ആർഡർമൂലം മലബാറിലേക്കു കൂടി ബാധകമാക്കുകയുണ്ടായി. അതനുസരിച്ചു് പുരുഷന്മാർക്കു് ആറു് ഇടങ്ങഴിയും സ്ത്രീകൾക്കു് നാലിടങ്ങഴിയും നെല്ലു് കൂലിയായി നിശ്ചയിച്ചു. അതായതു് കൊയ്ത്തിനു് എട്ടുപറ നെല്ലു് അളന്നാൽ ഒരു പറ കൊയ്ത്തുകാർക്കു് നിശ്ചയിച്ചിരുന്നു. അവിടെ ആയിരവും രണ്ടായിരവും പറ സ്വന്തം നിലമുള്ള ജന്മിമാർ റിട്ടു കൊടുത്തതിൻറെ ഫലമായി അതു് ഒരു ബില്ലായിട്ടു് കൊണ്ടുവരണമെന്നുള്ള അടിസ്ഥാനത്തിൽ ആ എക്സിക്യൂട്ടീവു് ആർഡർ ഹൈക്കോടതി റദ്ദാക്കുകയുണ്ടായി. അന്നു കേരളസ്റ്റേറ്റിൽ സുമാർ 23 ലക്ഷം കർഷകത്തൊഴിലാളികളും വരുമെന്നാണു് കണക്കാക്കിയിരുന്നതു്. അതിപ്പോഴും ഏകദേശം മുപ്പതു ലക്ഷത്തോളംവരും. ഇത്തരത്തിൽ ഈ രാജ്യത്തിലെ നെല്ലും അതുപോലെതന്നെ മറ്റു സാധനങ്ങളും ഉൽപ്പാദിപ്പിക്കുന്ന കൃഷിക്കാർ കൊയ്ത്തെല്ലാം കഴിഞ്ഞു പുറത്തിറങ്ങുമ്പോഴും എന്തു കിട്ടുമെന്നു ചോദിച്ചാൽ ഏതോ ഒരു ഡ്രാമയിൽ പറയുംമാതിരി

"കല്ലരിയുണ്ടു് കരിക്കാടിക്കു്
നെല്ലരിയെല്ലാം പത്തായത്തിൽ"

എന്നതുപോലെയാണു് അവസ്ഥ. തൊഴിലാളികളുടെ അദ്ധ്വാനഫലമായുണ്ടാകുന്ന ഈ ക്ഷ്യസാധനങ്ങളെല്ലാംതന്നെ ജന്മാവകാശത്തിൻറെ പേരിലും കാണാവകാശത്തിൻറെ പേരിലും പണം കൊടുക്കാതെ ഒരുപിടി ജന്മിമാരും ധനികരുംകൂടി തട്ടിത്തിന്നുന്ന ദയനീയാവസ്ഥയാണു് ഇവിടെയുള്ളതു്. ഈ കാർഷികത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഒരു നിയമനിർമ്മാണത്തിനു് എന്താണു് കാലതാമസമെന്നു ഞാൻ ചോദിക്കുകയാണു്. 1958-ൽ അങ്ങനെയൊരു നിയമം മലബാറിലേക്കു് ബാധകമാക്കിയതു് ഹൈക്കോടതി തള്ളിക്കളഞ്ഞു. ഉടൻതന്നെ ആ ഗവണ്മെൻറു് പോയി. അതിനുശേഷം 1960-ൽ ഒരു ഗവണ്മെൻറു് ഇവിടെവന്നു് കൊല്ലം മൂന്നാലു കഴിഞ്ഞിട്ടും ഇങ്ങനെയൊരു നിയമം കൊണ്ടുവന്നില്ല. ഒരു മിനിമംവേജസു് കമ്മിറ്റിയെ നിയോഗിച്ചു് അവർ ഈ രാജ്യം മുഴുവൻ സഞ്ചരിച്ചു് തെളിവെടുത്തു് ഈ അടുത്തകാലത്തു് ഗവണ്മെൻറിനു് റിപ്പോർട്ടു് സമർപ്പിച്ചു. ആ റിപ്പോർട്ടു് ഗവണ്മെൻറു് ഇതുവരെയായി പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

ശ്രീ. കെ. ടി. അച്യുതൻ: അതു പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു.

ശ്രീ. എം. വി. വാസു: അതു ഇതുവരെ നോട്ടിഫൈ ചെയ്തിട്ടില്ല. ഇന്നു മലബാറിലെ കൂലിത്തൊഴു് എങ്ങനെയാണെന്നുള്ളതു് ഞാൻ ഗവണ്മെ

LIBRARY ARCHIVES Kerala Legislative Assembly

ൻറിന്റെ ശ്രദ്ധയിൽപ്പെടുത്താം. എന്റെ പ്രദേശമായ മലമ്പുഴ പഞ്ചായത്തിൽപ്പെട്ട അകത്തേത്തറയിലെ കൂലിനിരക്ക് ഞാൻ പറയാം. പുരുഷന്മാർക്ക് 4 ഇടങ്ങഴിയും സ്ത്രീകൾക്ക് മൂന്നിടങ്ങഴിയും. മലമ്പ്രദേശങ്ങളിലാണെങ്കിൽ പുരുഷന്മാർക്ക് 5 ഇടങ്ങഴിയും സ്ത്രീകൾക്ക് നാലിടങ്ങഴിയും വീതം കിട്ടുന്നുണ്ട്. മരുതറോഡ് പഞ്ചായത്തിൽ പുരുഷന്മാർക്ക് മൂന്നര ഇടങ്ങഴിയും സ്ത്രീകൾക്ക് രണ്ടര ഇടങ്ങഴിയും. എന്നു പറഞ്ഞാൽ 13 അണയാണ് കൂലി. ഇന്ന് നെല്ലായിട്ടാണ് കൂലി കൊടുക്കുന്നത്. നെല്ലിന് വില വർദ്ധിക്കുന്തോറും ആ വിലയുടെ വർദ്ധനവനുസരിച്ച് കൂടുതൽ പണം കാർഷികത്തൊഴിലാളികൾക്ക് കിട്ടേണ്ടതാണ്. നെല്ലിന് വില വർദ്ധിക്കുന്തോറും കുറഞ്ഞ കൂലി കൊടുക്കാനും അതു പണമായിട്ടു കൊടുക്കാനുമാണ് അവിടത്തെ ജന്മിമാർ തുടങ്ങിയിരിക്കുന്നത്. മാത്രമല്ല ശ്രീ. ബാലചന്ദ്രമേനോൻ പറഞ്ഞമാതിരി വലിയ ജന്മിമാരുടെ നെല്ലിന് അവിടെയുള്ള മൊത്തക്കച്ചവടക്കാർ കൂടുതൽ വില കൊടുക്കും. പാവപ്പെട്ട കാർഷികത്തൊഴിലാളികൾ, കൂലിയായിട്ടു വാങ്ങിയിട്ടുള്ള നെല്ലിന് ഉള്ള വിലയുടെ മുന്നിലൊന്നുതന്നെ കൊടുക്കുന്നില്ല. ഇങ്ങനെയുള്ള ഒരു ബുദ്ധിമുട്ട് അവിടെയുണ്ട്. അതുപോലെതന്നെ ഹൈക്കോടതിയിൽ റിട്ടുപോയി മിനിമംവേജസും ആക്ടും ബാധകമല്ലാതായിത്തീർന്നതോടുകൂടി പത്തമ്പത് 8-ന്റെ ഒന്നര എന്നതു പത്തിലൊന്നാക്കിത്തീർത്തിട്ടുണ്ട്. അതായത് പത്തുപറ നെല്ലിന് ഒരു പറയേ കൂലി കിട്ടുകയുള്ളൂ. നമ്മുടെ രാജ്യത്തിലെ കാർഷികത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ജനാധിപത്യസമ്പ്രദായത്തിനും ഇന്നത്തെ ഭരണഘടനയ്ക്കുമെല്ലാം തന്നെ കളങ്കം ചാർത്തുന്ന ഒരു സംമ്പ്രദായം അവിടെയുണ്ടായിട്ടുണ്ട്. എന്റെ ഉപതിരഞ്ഞെടുപ്പിൽ രണ്ടായിരത്തിൽപ്പരം കാർഷികത്തൊഴിലാളികൾക്ക് വോട്ടു ചെയ്യാൻ അവകാശമുണ്ടായിരുന്നില്ല. എന്നാൽ അവക്കെല്ലാം വോട്ടു ചെയ്യാനുള്ള അവകാശം ഭരണഘടനയിലുണ്ട്. അവരുടെ ജന്മിമാർ പറയുന്നതു അനുസരിച്ചില്ലെങ്കിൽ അവക്ക് അവിടെ ചിന്നീട് ജോലി ലഭിക്കുകയില്ല എന്നുള്ള കാരണത്താൽ അവർ എന്തിനും നിർബന്ധിതരായിത്തീർന്നിരിക്കുന്നു. അവക്ക് എന്തിനും ജന്മിയെ ആശ്രയിക്കേണ്ടിവരുന്നു. ഈ കഴിഞ്ഞ തിരഞ്ഞെടുപ്പു ദിവസംതന്നെ അവിടത്തെ ഒരു വലിയ ജന്മിയായ കൊങ്ങാട്ടിൽ ചിന്നക്കുട്ടി നായർ രണ്ടായിരത്തിൽപരം തൊഴിലാളികളെ അന്നു പാടത്തിറക്കി അവരെ വോട്ടു ചെയ്യാൻ അനുവദിച്ചില്ല. കാരണം അവർ എനിക്കു വോട്ടു ചെയ്യുമെന്നുള്ളതുതന്നെ. അവിടെയുള്ള കർഷകത്തൊഴിലാളികളിൽ 23.2 ശതമാനം പേർക്ക് കിടപ്പാടമില്ല 27.5 ശതമാനം തൊഴിലാളികൾക്ക് കിടപ്പാടമോ അല്ലെങ്കിൽ ചെറിയ പറമ്പോളുണ്ട്. അതെല്ലാംകൂടി ഒഴിപ്പിച്ചെടുക്കാനുള്ള വകുപ്പുകൾ ഇപ്പോഴത്തെ ഭൂപരിഷ്കരണ നിയമത്തിൽ വരുന്നുണ്ട്. അവിടെ ഒരു റപ്പിക പറമ്പുനികുതിയുണ്ട്, എട്ടണ നിലനികുതിയുണ്ട്. ഇപ്പോഴത്തെ പുതിയ ഭൂപരിഷ്കരണ നിയമമനുസരിച്ച് അവരുടെ തെങ്ങിൽനിന്ന് എത്ര തേങ്ങ കിട്ടും, കമുകിൽനിന്ന് എത്ര അടയ്ക്കാ കിട്ടുമെന്നു കണക്കുകൂട്ടി പാട്ടം നിശ്ചയിക്കാനുള്ള വകുപ്പ് വരാൻ പോകുകയാണ്. കാർഷികത്തൊഴിലാളികളുടെ കൂടിയിരുപ്പിനെ സംബന്ധിച്ചിടത്തോളം ഇന്നുള്ള അവരുടെ അവകാശങ്ങളെ എടുത്തുകളയുവാനുള്ള വ്യഗ്രത ഭൂപരിഷ്കരണനിയമത്തിലുള്ളതു മാറണമെന്നും ഞാൻ ഈ അവസരത്തിൽ ഗവണ്മെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

സർ, പ്രധാനപ്പെട്ട മറ്റു ചില വസ്തുതകൾ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. ഒന്നാമതു കാർഷികത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം സ്ഥിരമായ പണി അവക്കില്ല. രണ്ടാമതു തൊഴിലാളികൾക്ക് പൂരമേയുന്നതിനു കഴിവില്ലാതെ അനുദിനം പുരോഗമിച്ചുപോകുന്നുണ്ട്. അവരുടെ വിദ്യാഭ്യാസത്തെപ്പറ്റിയും ഒന്നും പറയാനില്ല. അതുപോലെ യാതൊരുവിധത്തിലുള്ള വൈദ്യസഹായവും അവക്കു കിട്ടുന്നില്ല. ഇപ്പോഴത്തെ പുതിയ സ്കീം പ്രകാരം കാർഷികത്തൊഴിലാളികൾ ആശുപത്രിയിൽ ചെന്നാൽ ഡാക്ടറന്മാരും മറ്റും അവരോട് അവഗണനാ മനോഭാവത്തോടുകൂടിയാണ് പെരുമാറുന്നതു. അവക്ക് സൈക്കിറ്റിയിൽ കിട്ടേണ്ട

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. വി. വാസു]

ശരിയായ സ്ഥാനം അവർക്ക് കിട്ടുന്നില്ല. പ്രധാനമായിട്ടും അവരുടെ കൂലി ത്തോതിനെ സംബന്ധിച്ചിടത്തോളം ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ ഇനിയും സാധിച്ചിട്ടില്ല. കുടിയിരുപ്പുകാരുടെ റിക്കാർഡുകളും ഇല്ലാത്തതു കൊണ്ടു കർഷകത്തൊഴിലാളികളെ കുടി ഒഴിപ്പിക്കാൻ ഇടവരുന്നുണ്ട്. പാട്ടം കൊടുക്കുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർക്കു പാട്ടം കൊടുത്താൽ രസീതു കിട്ടുന്നില്ല. അതു കിട്ടാനുള്ള ഏർപ്പാടുകളും ചെയ്യേണ്ടതാണു്. ഒന്നുരണ്ടു കണക്കുകൂടി ഗവണ്മെന്റിന്റെ മുമ്പിൽ സമർപ്പിക്കാൻ ഞാൻ ഉദ്ദേശിക്കുകയാണു്. സ്ത്രീത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഈയിടെ ഇൻഡ്യാഗവണ്മെന്റിന്റെ മിനിമംവേജസ്സ്കമ്മിറ്റി ഒരു തെളിവെടുക്കുകയുണ്ടായി. ഇന്നത്തെ വർദ്ധിച്ചുവരുന്ന ജീവിതസൂചിക അനുസരിച്ചു് ഒരു സ്ത്രീക്കു് ഇന്നു് പഞ്ചാബിൽ കിട്ടുന്ന കൂലി 1 രൂ. 5 അണയാണു്. പെപ്സുവിൽ 14 അണയും ഒറിസ്സായിൽ 8 അണ, ആസ്സാം 1 രൂ. 6 അണ, ടി. സി. എൽ യ 13 അണ, മലബാർ എൽ യ യിൽ 9 അണ ഇങ്ങനെയാണു് കൂലിനിരക്കു്. അതുപോലെതന്നെ പുരുഷന്മാരെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ആസ്സാമിൽ 1 രൂപ 14 അണ, വെസ്റ്റ്ബംഗാൾ 1 രൂപ 11 അണ, ബീഹാർ 1 രൂപ 4 അണ, ടി. സി. എൽ യ, 1 രൂപ അഞ്ചണ, മലബാർ 11 അണ ഇങ്ങനെയാണു് നിരക്കു്. എന്തുകൊണ്ടു നോക്കിയാലും മലബാർ ഭാഗത്തു് മിനിമംവേജസ് ആക്റ്റു് ഉടനടി നടപ്പിലാക്കേണ്ട ആവശ്യമുണ്ടു്. ഞാൻ ആദ്യം പറഞ്ഞമാതിരി 5 ഇടങ്ങഴി കിട്ടിക്കൊണ്ടിരുന്നതു് അടുത്തകാലത്തായി രണ്ടരഇടങ്ങഴിയും, മൂന്നിടങ്ങഴിയുമാണു് കൂലി കിട്ടുന്നതു്. വേറൊന്നു് പാലക്കാട്ടു ജില്ലയിലെ കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരെ അടിമകളാക്കി വയ്ക്കുന്ന ഒരു സംമ്പ്രദായം അവിടത്തെ ജന്മിമാർ സ്വീകരിച്ചുപോരുന്നുണ്ടു്. രാവിലെ കൊയ്ത്തിനുവേണ്ടി ഇറങ്ങിയാൽ പത്തിലൊന്നു പതം കിട്ടണം. അതിനുപകരം 12 മണിവരെ വീട്ടിലുള്ള പല പണികളും ചെയ്യിക്കും. വീടു് മെഴുകാൻ പറയുക, സ്ത്രീകളുടെയും കുട്ടികളുടെയും തുണി തിരുമ്മിക്കൊടുക്കുക ഇങ്ങനെ ഒരുപിടി പണി അവരെക്കൊണ്ടു ചെയ്യിക്കും. 12 മണിവരെ ഇങ്ങനെ പലവിധ ജോലികളും ചെയ്യിച്ചിട്ടു് ഇരുനാഴിയോ ഇടങ്ങഴിയോ നെല്ലു് ഈ പിൻപണിക്കു കൊടുക്കാറുണ്ടു്. ചിലപ്പോഴും ഒന്നും കൊടുക്കയും ഇല്ല. ഈ പിൻപണി സംമ്പ്രദായം ഇല്ലാതാക്കേണ്ടതാണു്. അല്ലെങ്കിൽ ഇതിനു് 2 ഇടങ്ങഴി നെല്ലെങ്കിലും കൂലി വയ്ക്കണം. ഇതു് കൊയ്ത്തുകാലത്തു മാത്രമുള്ളതാണു്. അതു കഴിഞ്ഞാലും വീട്ടിൽ പലതരത്തിലുള്ള ജോലികളും ചെയ്യിക്കും. ഈ കർഷകത്തൊഴിലാളികളെ ജന്മിമാർ ദ്രോഹിക്കുകയാണു്. കൂലി വെട്ടിക്കുറയ്ക്കുകയാണു്. അതുകൊണ്ടു് എത്രയും വേഗത്തിൽ മിനിമംവേജസ് ആക്റ്റു് മലബാറിൽ നടപ്പിലാക്കുന്നതിനുവേണ്ട നടപടികളും എടുക്കണം. 1958–ൽ ഈ നിയമം അവിടെ നടപ്പിലാക്കിയപ്പോൾ അവിടത്തെ ആളുകൾക്കു് എന്തുസാഹമായിരുന്നു? അതിന്റെ ഫലമായി ലക്ഷക്കണക്കിനു കൂടുതൽ പറ നെല്ലു് കർഷകത്തൊഴിലാളികൾക്കു ലഭിക്കുകയുണ്ടായി. അന്നു് അവിടത്തെ നാട്ടിൻപുറങ്ങളിൽ ഒരുത്സവം തന്നെയായിരുന്നു. കാരണം അന്നു് 6 ഇടങ്ങഴിയും 4 ഇടങ്ങഴിയും കൂലി കിട്ടുമായിരുന്നു. ആ മിനിമംവേജസ് ആക്റ്റു് റദ്ദായപ്പോൾ അവരുടെ കൂലി 2 ഇടങ്ങഴിയും 3 ഇടങ്ങഴിയുമായി ചുരുങ്ങി. ഇപ്പോൾ തൊഴിലാളികളുടെ ഇടയിലുണ്ടായിരിക്കുന്ന അപകർഷതാബോധം എടുത്തുകളയാൻ വേണ്ടിയിട്ടു് ഈ നിയമം നടപ്പിലാക്കുന്നതിനും മറ്റു് അവശ്യകതകളും മനസ്സിലാക്കി അവരുടെ ജീവിതം അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ടിയിട്ടു് ജില്ലതോറും, താലൂക്കുതോറും ലേബർ ആഫീസർമാരെ വയ്ക്കണമെന്നാണു് എനിക്കു് പറയാനുള്ളതു്. അവിടത്തെ കാർഷികത്തൊഴിലാളികളുടെ കൂലിയെ സംബന്ധിച്ചു് എന്തെങ്കിലും ഒരു പരിഹാരം കാണുന്നതിനു് പഞ്ചായത്തുകൾക്കു് അധികാരം നൽകുന്നതു് നന്നായിരിക്കും. പ്രോജക്റ്റു് ഏരിയായിലും മറ്റും പണി എടുക്കുന്ന കർഷകത്തൊഴിലാളികൾക്കു് വളരെ വിഷമങ്ങളുണ്ടു്. ഈയിടെ കാഞ്ഞിരപ്പുഴ പദ്ധതിക്കുവേണ്ടി പണി എടുക്കുന്ന ഒരു തൊഴിലാളിക്കു് 12 അണയാണു് ഒരു ദിവസം കൂലി കിട്ടുന്നതെന്നു് മാതൃഭൂമി പത്രത്തിൽ എഴുതുകയുണ്ടായി. ആ പത്രങ്ങണക്കൊണ്ടു് ഇവിടെയാണെങ്കിൽ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ണുപോലും കിട്ടുകയില്ല. അതുകൊണ്ട് ഈ തൊഴിലാളികളുടെ മിനിമം വേജസ് നിശ്ചയിക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണു്. ഞാൻ ഇങ്ങോട്ടു പോരുമ്പോഴും അവിടത്തെ കർഷകത്തൊഴിലാളികളുമായി സംസാരിച്ചു. അവർ പറയുന്നതു് മകരക്കൊയ്ത്തെല്ലാം കഴിഞ്ഞല്ലോ ഇനി എന്താ ചെയ്യുക എന്നാണു്. ഈയിടെ ആലപ്പുഴയിൽ ഒരു സംഭവമുണ്ടായതു് നമ്മുടെ പത്രത്തിൽ വായിച്ചിട്ടുണ്ടല്ലോ. ഒരു ജന്മിയുടെ വയലിൽ ഒരു കർഷകത്തൊഴിലാളി തലയിൽക്കെട്ടോടുകൂടി നിന്ന കൊയ്തതു് ജന്മിയുടെ മകനു് രസിക്കാത്തതുകൊണ്ടു് തലയിൽക്കെട്ടു് അഴിപ്പിക്കുകയുണ്ടായി. പിറ്റേദിവസം 50-ഓളം തൊഴിലാളികളും തലയിൽക്കെട്ടുമായി വയലിൽ ഇറങ്ങി കൊയ്തുകതന്നെ ചെയ്തു. അങ്ങനെ അവിടത്തെ കർഷകത്തൊഴിലാളികളും ആത്മാഭിമാനമുള്ളവരാണു്. അവരുടെ സംഘടിതമായ ശക്തിയുടെ മുന്നിൽ ജന്മികൾക്കു് യാതൊന്നും ചെയ്യാൻ സാധിക്കുകയില്ലെന്നുള്ളതു് ഇതുകൊണ്ടു് തെളിയുമല്ലോ. അതുപോലെതന്നെ 1946-ൽ സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പു് പ്രകാശ് മിനിസ്ട്രി മദ്രാസിൽ വന്നസമയത്തു് പാലക്കാട്ടു് കർഷകത്തൊഴിലാളികളും ഒന്നടങ്കം ഒരു പണിമുടക്കം നടത്തുകയുണ്ടായി. അങ്ങനെ വമ്പിച്ച പണിമുടക്കു് അവിടെ കൊയ്ത്തുകാലത്തു് ഉണ്ടായതുകാരണം അന്നത്തെ തുക്കടിസായ്പു് അവരുടെ പ്രതിനിധികളെ വിളിച്ചു് സന്ധിസംഭാഷണം നടത്തിയതു് എല്ലാവർക്കും അറിയാവുന്ന കാര്യമാണു്. അന്നു് എനിക്കു് 14 വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. ഞാനും അന്നു് കർഷകത്തൊഴിലാളികളുടെ പ്രതിനിധിയായി സംസാരിക്കുകയുണ്ടായി. അന്നു് മി. രാഘവമേനോൻ കുത്തകോട്ടമിട്ടു് ജന്മിമാർക്കുവേണ്ടി വാദിക്കുകയുണ്ടായി. അതിനാൽ ഞങ്ങളും കർഷകത്തൊഴിലാളികളും യോജിക്കുകയാണെങ്കിൽ ഇതിനെയെല്ലാം തട്ടിത്തെറിപ്പിക്കുവാൻ സാധിക്കുമെന്നുള്ള ബോദ്ധ്യം ഞങ്ങൾക്കുണ്ടു്. അതുകൊണ്ടു് എത്രയുംവേഗം മിനിമംവേജസ് ആക്ടു് മലബാറിൽ നടപ്പിലാക്കാനാവശ്യമായ പരിപാടികളും സ്വീകരിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുകയാണു്.

**Deputy Speaker:** Amendment No. 2 is in the name of Shri. R. Krishnan. The member is not allowed to move the amendment; but he can speak on it.

ശ്രീ. ആർ. കൃഷ്ണൻ : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുകയാണു്. നമുക്കു് സ്വാതന്ത്ര്യം കിട്ടിയിട്ടു് 10—16 കൊല്ലമായി. കോൺഗ്രസ്സു് ഈ രാജ്യം അടക്കി ഭരിക്കുകയാണു്. രണ്ടാം പഞ്ചവത്സര പദ്ധതി അവസാനിച്ചു മൂന്നാം പഞ്ചവത്സരപദ്ധതിയുടെ മൂന്നാം കൊല്ലവും കഴിഞ്ഞിട്ടുള്ള ഈ ഘട്ടത്തിൽപോലും ഇൻഡ്യാ രാജ്യത്തു് ഒരു വലിയ ജനവിഭാഗം എന്നുള്ള നിലയിൽ മാത്രമല്ല ഉൽപ്പാദനരംഗത്തു് ഏറ്റവും കഠിനമായി അദ്ധ്വാനിച്ചു് ഈ നാട്ടിലെ കൃഷ്യസാധനങ്ങളും മാത്രമല്ല എല്ലാ വിളവുകളും ഉൽപ്പാദിപ്പിക്കപ്പെടുന്ന ഈ വിഭാഗം ഇന്നും ഒരു ദിവസം മുഴുവനും പണി എടുത്താൽ, ഏഴു മണിക്കൂർ, എട്ടു മണിക്കൂർ പണി എടുത്താൽ ഒരു ദിവസത്തെ വരുമാനം എട്ടണ മുതൽ ഒന്നര ഉറുപ്പികവരെയാണു് ഭൂരിപക്ഷം ആളുകൾക്കും ലഭിക്കുന്നതു്. നമ്മുടെ സ്റ്റേറ്റിൽതന്നെ കാർഷികത്തൊഴിലാളികളുടെ സ്ഥിതി ഓരോ താലൂക്കിലും വ്യത്യസ്തമാണു്. താലൂക്കുകളിൽതന്നെ പഞ്ചായത്തുതോറും കൂലിയുടെയും ശമ്പളത്തിന്റെയും അടിസ്ഥാനത്തിൽ വ്യത്യാസമുണ്ടു്. തിരുവിതാംകൂർ ഭാഗത്തു് ഞാൻ കേട്ടിട്ടുണ്ടു് ചില ഇടങ്ങളിൽ പുരുഷന്മാർക്കു് രണ്ടര ഉറുപ്പിക മുതൽ ഉറുപ്പികവരെ ഒരു ദിവസം കൂലി കിട്ടാറുണ്ടെന്നു്. പാലക്കാടു് ഭാഗങ്ങളിൽ ചെന്നു നോക്കിയാൽ സ്ഥിതി വ്യത്യസ്തമാണു്. കൂടിയാൽ കിട്ടുന്നകൂലി പുരുഷന്മാർക്കു് ഒന്നര രൂപയും, സ്ത്രീകൾക്കു് 12 അണവരെയുമാണു്. അതു് അതാതു പ്രദേശത്തുള്ള കാർഷികത്തൊഴിലാളികളുടെ സംഘടിത മനോഭാവത്തെ ആശ്രയിച്ചിരിക്കുന്നു. വലിയ ജന്മിമാരാണു് പഞ്ചായത്തു് അതിർത്തിയിലുള്ള പ്രധാന കൃഷിക്കാരെങ്കിൽ താരതമ്യേന തൊഴിലാളികൾക്കു് കിട്ടുന്ന കൂലി കുറവായിരിക്കും. 50-ഓളം ആളുകൾക്കു് ഒരു ദിവസത്തിൽ ജോലി കൊടുക്കണമെന്നു് അഭിമാനിക്കുന്ന ആളുകളുണ്ടു് താരതമ്യേന കൂലി കുറച്ചുകൊടുക്കുക. അവർക്കു് ദിവസവും ജോലി കൊടുക്കണമെന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. കൃഷ്ണൻ]

ന്നാണു് ഇവർ കൂലി ചുങ്കക്കാൻ പറയുന്ന ന്യായം. അവിടെ നിന്നും വിട്ടു് വേറൊരിടത്തു് പോയാൽ ജോലി കിട്ടുകയില്ലെങ്കിലോ എന്നു വിചാരിച്ചു് കുറഞ്ഞകൂലിയും വാങ്ങി ഇവർ ജീവിച്ചുവരികയാണു്. ഇന്നത്തെ സാധനവിലക്കയറ്റം വച്ചു് ജീവിക്കുന്ന അവസരത്തിൽ ഒരുറ്റുപ്പികയോ, പന്ത്രണ്ടണയോ കൂലി കിട്ടിയാൽ ഒരു കുടുംബം എങ്ങനെ ജീവിക്കുമെന്നു് ആലോചിക്കേണ്ടതുണ്ടു്. ഇന്നത്തെ സാധങ്ങളുടെ വിലക്കയറ്റം എല്ലാ വിഭാഗം ആളുകൾക്കും ഒരു പ്രശ്നമായിരിക്കുന്ന സ്ഥിതിക്കു് ഈ ജനങ്ങൾ എങ്ങനെ ജീവിക്കുന്നു, അവർക്കു് ആഹാരത്തിനു തികയുന്നുണ്ടോ, അവരുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുവാൻ കഴിയുമോ, രോഗം വന്നാൽ ചികിത്സിക്കാൻ കഴിയുമോ എന്നുള്ള കാര്യത്തിലൊക്കെ വലിയ പരിശോധനയുടെ ആവശ്യമില്ലാതെതന്നെ എല്ലാവർക്കും അറിയാം. എന്നിട്ടും നിയമപ്രകാരമുള്ള കുറഞ്ഞ കൂലി കൊടുക്കണമെന്നു് ഗവണ്മെൻറിനു പറയാൻ കഴിയുന്നില്ലെങ്കിൽ അതു് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്ന സംഗതിയാണു്. മന്ത്രിമാർ മറുപടി പറയുമ്പോൾ ചില ഉഴപ്പൻമട്ടിൽ മറുപടി പറയുന്നതു് കേട്ടിട്ടുണ്ടു്, മിനിമം വേജസ്സു് കമ്മിറ്റിയുടെ പരിശോധനയും കാത്തിരിക്കുകയാണു് എന്നു് ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ കൊല്ലമാണെന്നു തോന്നുന്നു ബഡ്ജറ്റു് സമ്മേളനകാലത്തു് ഇങ്ങനെ പറഞ്ഞതു്. അതിനശേഷം റിപ്പോർട്ടു കിട്ടിയെന്നു തോന്നുന്നു. പക്ഷെ റിപ്പോർട്ടിൽ എന്താണു് പറഞ്ഞിരിക്കുന്നതെന്നു വ്യക്തമല്ല. എന്നുമാത്രമല്ല അതൊന്നും നടപ്പിൽ വരുത്താൻ ഭാവമുണ്ടെന്നുപോലും സൂചനയില്ല. ഞാൻ ഇതു സംബന്ധിച്ചു് ഒരു ചോദ്യം അയച്ചിരുന്നു. മറുപടി മേശപ്പുറത്തു് കാണുന്നില്ല. അതു് എന്നു നടപ്പിൽ വരുത്താൻ പോകുന്നു എന്നുള്ള ചോദ്യത്തിനു് യാതൊരു മറുപടിയും മേശപ്പുറത്തു വച്ചു കാണുന്നില്ല. അപ്പോൾ അതിൽ എനിക്കു് ന്യായമായിട്ടും ആശങ്കയുണ്ടു്. കമ്മ്യൂണിസ്റ്റു് ഗവണ്മെൻറു് അധികാരത്തിലിരുന്ന കാലത്തു് കേരളത്തിലൊട്ടാകെത്തന്നെ കാർഷികത്തൊഴിലാളികൾക്കു് ഒരു മിനിമം കൂലി നിജപ്പെടുത്തി, അതു് നടപ്പിൽ വരുത്തി. അങ്ങനെ ഇരുന്ന അവസരത്തിൽ പാലക്കാട് ഡിസ്ട്രിക്ടിൽ ശ്രീ. ആർ. രാഘവമേനോൻറെ നേതൃത്വത്തിൽ പാലക്കാട്ടുവച്ചു് ഒരു സ്വതന്ത്ര കർഷകസമ്മേളനം വിളിച്ചുകൂട്ടി കുടിയാന്മാർക്കു് പാട്ടം ഇളവു ചെയ്യുന്ന നിയമം വരുന്നതിനുമുമ്പു് ഇതുപോലെ കൂലി കൂട്ടുതൽ അന്യായമാണെന്നു പറഞ്ഞു് ഹൈക്കോടതിയിൽ റിട്ടു ഹർജി കൊടുത്തു് വിധി സമ്പാദിച്ചു. അതു് കഴിഞ്ഞിട്ടു കൊല്ലം അഞ്ചാറായിരിക്കുന്നു. 1959—ലൊ മറ്റോ ആണു് ഹൈക്കോടതി വിധി വന്നതു്, എന്നിട്ടു് ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നിട്ടു് നാലു കൊല്ലം തികഞ്ഞെങ്കിലും അതൊന്നു നടപ്പിൽ വരുത്തിക്കൊടുക്കാൻ സാധിച്ചില്ല എന്നു വരുകയാണെങ്കിൽ, അവർക്കു് പറ്റപ്പെട്ടവരോടു് എത്ര സഹാനുഭൂതിയുണ്ടെന്നു് വ്യക്തമാകുന്നുണ്ടു്. വേറെ വല്ല വിഭാഗം ജനങ്ങളുമാണെങ്കിൽ ഇങ്ങനെ യാതൊരു ശ്രദ്ധയുമില്ലാതെ കിടക്കുകയാണെങ്കിൽ എന്താണു് സ്ഥിതി എന്നു് നമുക്കറിയാം. കാർഷികത്തൊഴിലാളികളും യാതൊന്നിനും പുറപ്പെടാത്ത ആളുകളല്ല. പാലക്കാട് ജില്ലയിൽ തന്നെ മുമ്പു് ഒരു കൊയ്ത്തു കാലത്തു് ആയിരക്കണക്കിനു് തൊഴിലാളികളും ഐക്യതയോടുകൂടി ഒരു പണിമുടക്കു് നടത്തുകയുണ്ടായി. ഇപ്പോൾ അവർ പണിമുടക്കാത്തതിൻറെ കാരണം വേറൊന്നുമല്ല. 1958-ൽ നടപ്പാക്കിയപോലൊരു നിയമം ഈ ഗവണ്മെൻറു നടപ്പാക്കാൻ പോകുന്നു എന്നു് വിശ്വസിച്ചു് കാത്തിരിക്കുകയാണു്. ഗവണ്മെൻറു് ഒരു മിനിമം വേജസ്സു് കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റി റിപ്പോർട്ടു് സമർപ്പിച്ചു എന്നാണറിയുന്നതു്. ഇന്നു് സാധനങ്ങൾക്കു് വില കൂടുതലാണെന്നു എല്ലാവർക്കും അറിയാം. ഇതനുസരിച്ചു് കുറഞ്ഞപക്ഷം ഇന്ന കൂലിയെങ്കിലും തൊഴിലാളികൾക്കു കൊടുക്കണമെന്നു് നിശ്ചയിക്കണം. മിനിമം വേജസ്സു് കമ്മിറ്റി റിപ്പോർട്ടു ചെയ്തതിനുശേഷം പിന്നെയും സാധനവിലകൾ കയറിട്ടുണ്ടു്. അതുകൂടി കണക്കിലെടുത്തു് അതു് നടപ്പിൽ വരുത്താൻ ഒട്ടും വൈകിച്ചുകൂടാ. അതിനോടനുബന്ധിച്ചു് കാർഷിക പ്രാധാന്യമുള്ള പ്രദേശങ്ങളിൽ അതു നടപ്പിൽ വരുത്താൻ വേണ്ടിയിട്ടു് പ്രത്യേകം ലേബർ ഡിപ്പാർട്ടുമെൻറു് ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തി അതു നടപ്പിൽ വരുത്താനുള്ള സഹകര്യം ചെയ്തു് കൊണ്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടി അടിയന്തിരമായിട്ടും എടുക്കാൻ ഗവണ്മെൻറ് മുന്നോട്ട വരണം. അതിന് ഇനി ഒട്ടും വൈകിക്കൂടാ. എന്നുമാത്രമല്ല പാവപ്പെട്ട ആളുകളെ ഈ ജോലി ഉപേക്ഷിച്ച് മറ്റു പല രംഗങ്ങളിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്ന ഈ സ്ഥിതിവിശേഷത്തിൽ അവരെ രക്ഷിക്കാൻ വേണ്ടിയിട്ട് അവർക്ക് ജീവിക്കാനുള്ള വക ഉണ്ടാക്കിക്കൊടുക്കാനുള്ള നിയമനിർമ്മാണം അടിയന്തിരമായിട്ടും ഒട്ടും വൈകാതെ ചെയ്യണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ആർ. രാഘവമേനോൻ : ഒട്ടുവിലത്തെ പ്രമേയത്തെ സംബന്ധിച്ച് ശ്രീ. വാസുവും, ആർ. കൃഷ്ണനും പ്രസംഗിക്കുകയുണ്ടായി. ശ്രീ. വാസു പറഞ്ഞതു യഥാർത്ഥത്തിൽ അവിടെ നടന്നതിനു നേരെ വിപരീതമാണെന്നു പറയാം.

ഡ: സ്പീക്കർ : പേഴ്സണൽ എക്സ്പ്ലനേഷനാണോ ?

ശ്രീ. ആർ. രാഘവമേനോൻ : അതേ.

ശ്രീ. എം. വി. വാസു : 1946–ൽ കൺസിലിയേഷനിൽ അദ്ദേഹം ഒരു വക്കീലെന്ന നിലയിൽ ഹാജരായി എന്നാണ് ഞാൻ പറഞ്ഞതു്.

ശ്രീ. ആർ. രാഘവമേനോൻ : ഞാൻ പറയുന്നതു് അവിടെ യാതൊരു ലഹളയും ഇല്ലെന്നാണ്. അവിടെ മര്യാദയായി കൂലി കൊടുക്കുന്നുണ്ട്, അതുപോലെ പ്രവൃത്തി എടുക്കുന്നുമുണ്ട്. അവിടത്തെ ഭൂവുടമസ്ഥന്മാർ പഴയ രീതിയെക്കാളും കൂടുതൽ കൂലി കൊടുക്കുന്നുണ്ട്. എനിക്ക് ഇതിൽ ഒരു ബന്ധവുമില്ലെന്നാണ് പറയാനുള്ളതു്.

ഡ: സ്പീക്കർ : പേഴ്സണൽ എക്സ്പ്ലനേഷൻ കഴിഞ്ഞല്ലോ. ഈ റസലൂഷനെ സംബന്ധിച്ച് സംസാരിക്കാൻ സമയം വേണമെങ്കിൽ അനുവദിക്കുന്നതാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: ഈ ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നതു്. പ്രമേയത്തിൽ ''പ്രസിദ്ധപ്പെടുത്തണമെന്നും'' എന്ന വാക്കിനുശേഷവും ''കർഷകത്തൊഴിലാളികളുടെ'' എന്നവാക്കിനു മുമ്പിലുമായി ''ജീവിതസൂചികയിൽ ഉണ്ടായിട്ടുള്ള വർദ്ധനവിനെകൂടി പരിഗണിച്ച്'' എന്നുകൂട്ടിച്ചേർക്കുക.

മിനിമം വേജസ് നിശ്ചയിക്കുമ്പോൾ ജീവിത സൂചികയിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് കണക്കിലെടുക്കേണ്ടതാവശ്യമാണ്. മറ്റു രംഗങ്ങളിലാണെങ്കിൽ ജീവിത സൂചികയിൽ ഉണ്ടാകുന്ന വർദ്ധനവുകൂടി കണക്കിലെടുത്തു ഡി. എ. കിട്ടുന്നതിനുള്ള അവകാശമുണ്ട്. കർഷകത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒരു പരിതസ്ഥിതിയില്ല. കമ്മിറ്റി അന്വേഷണം നടത്തിയതു് ഒരു പ്രത്യേക കാലഘട്ടത്തിലായിരുന്നു. 1958–ൽ ഒരു കമ്മിറ്റി അന്വേഷണം നടത്തി മിനിമം വേജസ് നിശ്ചയിച്ചശേഷം മലബാർ പ്രദേശത്തു് അതു നടപ്പിൽ വരുത്താൻ കഴിഞ്ഞില്ല. പിന്നീട് ഒരു കമ്മിറ്റിയെ നിശ്ചയിച്ചു. ആ കമ്മിറ്റി അന്വേഷണം നടത്തി റിപ്പോർട്ട് ആയിട്ടുണ്ട്. എന്നു നടപ്പിൽ വരുമെന്നറിഞ്ഞുകൂടാ. ഇതിനിടയിൽ വർഷങ്ങളും പലതു കടന്നുപോയിട്ടുണ്ട്. ഈ കാലഘട്ടത്തിൽതന്നെ ജീവിതസൂചികയിൽ വമ്പിച്ച മാറ്റങ്ങളും വന്നിട്ടുണ്ട്. 62-ലേയും 63-ലേയും തമ്മിൽ താരതമ്യപ്പെടുത്തിനോക്കിയാൽ, പുനലൂരിൽ 13–ും, ആലപ്പുഴ 26–ും, ചങ്ങനാശ്ശേരിയിൽ 13–ും, ആലുവായിൽ 23–ും, എറണാകുളത്തു് 30–ും, തൃശ്ശൂർ 19–ും, ചാലക്കുടിയിൽ 18–ും, പേത്തലയിൽ 34–ും, 1963–ൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നു് ഇവിടെ തന്നിട്ടുള്ള എക്കണോമിക്സ് റെവ്യൂവിൽ നിന്നുതന്നെ വ്യക്തമാകുന്നതാണ്, അതുപോലെതന്നെ, നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവു നോക്കുമ്പോൾ, 1962 ഡിസംബർ മാസത്തിൽ തിരുവനന്തപുരത്തു് 500 ആയിരുന്നെങ്കിൽ 1963 ഡിസംബറിൽ അതു് 529

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. കെ. കുഞ്ഞച്ചൻ]

ആയി ഉയന്നിട്ടുണ്ട്. കൊല്ലത്തു് 504 ആയിരുന്നതു്, 549 ആയി ഉയന്നിട്ടുണ്ടു്. പുനലൂർ 506 ആയിരുന്നതു് 543 ആയിട്ടുണ്ടു്. ആലപ്പുഴ 471 ആയിരുന്നതു് 522 ആയി ഉയന്നിട്ടുണ്ടു്. ആലുവായിൽ 487 ആയിരുന്നതു് 539 ആയി. ചേർത്തല 472 ആയിരുന്നതു് 523 ആയി. കോഴിക്കോടു് 514 ആയിരുന്നതു് 563 ആയി. ഞാൻ എല്ലാം വായിക്കുന്നില്ല. ഇങ്ങനെ ലിവിംഗു് ഇൻഡക്സിലും കൺസ്യൂമർ പ്രൈസു് ഇൻഡക്സിലും കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ടു്. ഇതു കണക്കിലെടുക്കാതെ മിനിമം വേജസു് നിശ്ചയിക്കുന്നതു് ശരിയായിരിക്കുകയില്ല. നമ്മുടെ രാജ്യത്തെ പെത്തുതൊഴിലാളികൾക്കു് ഇതനുസരിച്ചു് ഡി. എ. കൊടുക്കാൻ തീരുമാനമുണ്ടായി. അതിന്റെ കണക്കു നോക്കുമ്പോൾ ഏതാണ്ടു 30 പൈസാ ദിവസം കിട്ടും. എന്നാൽ, കർഷകതൊഴിലാളികൾക്കു് അങ്ങനെ എന്തെങ്കിലും കിട്ടുമോയെന്ന സംശയമാണു്. നിശ്ചയിക്കുന്ന കൂലിതന്നെ നടപ്പിലാക്കാൻ ബുദ്ധിമുട്ടുണ്ടു്. അതുകൊണ്ടു് അവരെ സംബന്ധിച്ചിടത്തോളം മിനിമംവേജസു് നിശ്ചയിക്കുമ്പോൾ ഗവണ്മെന്റു് ഈ ഒരു പായിന്റു കൂടി കണക്കിലെടുത്തുവേണം നിശ്ചയിക്കാനെന്നാണു് എനിക്കു് പറയുവാനുള്ളതു്. മറ്റു കാര്യങ്ങളും ശ്രീ. വാസു പറഞ്ഞിട്ടുള്ളതുകൊണ്ടു് ഞാൻ അതിലേക്കു കടക്കുന്നില്ല.

ശ്രീ. ഓ. കോരൻ: സർ, ഞാൻ അവതരിപ്പിക്കുന്ന ദേഭഗതി ഇതാണു്.

'പ്രമേയത്തിൽ, "പ്രസിദ്ധപ്പെടുത്തണമെന്നും" എന്നതിനു ശേഷം "ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ" എന്നുകൂടി ചേർക്കുക.'

കർഷകത്തൊഴിലാളികളുടെ സ്ഥിതി വളരെ കഷ്ടമായിട്ടുള്ളതാണു് അവർ അസംഘടിതരായതുകൊണ്ടു് അവരുടെ പ്രശ്നങ്ങളും വേണ്ടത്ര ഗൗരവത്തോടുകൂടി കണക്കിൽ എടുക്കുന്നില്ല. മഹാകവി കുമാരനാശാൻ അവരെ ഒരു കവിതാശിൽപത്തിൽ ചിത്രീകരിച്ചിട്ടുള്ളതു് ഇങ്ങനെയാണു്, "മറ്റുള്ള വക്കായി ഉഴാനും നടുവാനും കറ്റ കൊയ്യാനും മെതിക്കുവാനും പറമ്പി കുട്ടരി ക്കാലിമാടുകൾ മറു കൃഷി പണിചെയ്യുവാനും."

ആ കാലം കഴിഞ്ഞു് സ്വാതന്ത്ര്യം ലഭിച്ചു് പ്ലാനും പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു് അവരുടെ സ്ഥിതിക്കു് എന്തെങ്കിലും മാറ്റം വരുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നാണു ചിന്തിക്കേണ്ടതു്. 1947-ൽ അഖിലേൻഡ്യാ ഗ്രേപരിഷ്കരണ കമ്മിറ്റിയുടെ ചെയർമാൻ ജെ സി. കുമരപ്പയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി മലബാർ സന്ദർശിച്ചശേഷം, തയ്യാറാക്കിയ റിപ്പോർട്ടിൽ ഇങ്ങനെ പറയുന്നുണ്ടു്. "ഇൻഡ്യയിൽവച്ചു് കർഷകത്തൊഴിലാളികളും വളരെ കഷ്ടതയിൽ ജീവിക്കുന്നതു് മലബാർ ഭാഗത്താണെന്നു് അദ്ദേഹം ചൂണ്ടിക്കാണിച്ചു. 16 കൊല്ലത്തിനശേഷം, അഖിലേൻഡ്യാ അടിസ്ഥാനത്തിലുള്ള ലേബർ കമ്മീഷൻ റിപ്പോർട്ടും അവരുടെ ജീവിതഗതിക്കു് എന്തെങ്കിലും മാറ്റം ഉണ്ടായിട്ടില്ലെന്നമാത്രമല്ല, അവർ മുമ്പിലത്തേക്കാളും പിന്നോട്ടു് കഷ്ടതയിലേക്കു് പൊയ്ക്കൊണ്ടിരിക്കുന്നു" എന്നാണു് പറഞ്ഞിട്ടുള്ളതു്. ഈവക വസ്തുതകളെ മനസ്സിൽവച്ചുകൊണ്ടു് അവരുടെ ജീവിതത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഗവണ്മെന്റു് എന്തുകൊണ്ടു് ഇപ്രകാരമുള്ള ഒരു നിയമനിർമ്മാണം നടപ്പിൽവരുത്തുന്നതിനു് കാലതാമസം വരുത്തുന്നു എന്നു ചോദിച്ചാൽ, അവർ ഞാൻ മുമ്പു പറഞ്ഞതുപോലെ അസംഘടിതരായതാണു് കാരണം. അവരുടെ പ്രശ്നം വേണ്ടത്ര ഗൗരവത്തോടുകൂടി പറയാനും, ആവശ്യങ്ങൾ നേടിയെടുക്കാനും, കെട്ടുറപ്പുള്ള സംഘടനയില്ലാത്തതുകൊണ്ടാണു് ഇങ്ങനെ അലസമായി നീട്ടിക്കൊണ്ടുപോകുന്നതെന്നു് സംശയിക്കേണ്ടതുണ്ടു്, മുമ്പൊരിക്കൽ ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, അവരുടെ കുട്ടത്തിൽ നിന്നും അടിമകളെക്കൊണ്ടു് ജോലിചെയ്യിപ്പിക്കുന്ന സംപ്രദായം ഈ കാലഘട്ടത്തിൽ പോലും നമ്മുടെ സ്റ്റേറ്റിൽ ഉണ്ടെന്നു പറഞ്ഞാൽ അവരുടെ കാര്യത്തിൽ നിയമനിർമ്മാണം നടത്താൻ എത്രമാത്രം താൽപര്യം ഗവണ്മെന്റു കാണിക്കണമെന്നു പ്രത്യേകം പറയേണ്ടല്ലൊ. അതുകൊണ്ടു് ഒട്ടും കാലതാമസം വരുത്താതെ ഗവണ്മെന്റു് ഉടൻതന്നെ ആ നിയമത്തിനു രൂപം കൊടുക്കാൻ മുന്നോട്ടുവരണം.'

LIBRARY ARCHIVES Kerala Legislative Assembly

അതോടൊപ്പംതന്നെ ശ്രീ. കുഞ്ഞച്ചൻ പറഞ്ഞതുപോലെ,ഇന്നത്തെ ക്ഷ്യസാധനങ്ങളുടെ വില വർദ്ധനവിനനുസരിച്ച് അവരുടെ കൂലിയിൽ മാറ്റംവരുത്തുന്ന ദേഗതിയും ഗവണ്മെൻറ് നടപ്പിൽവരുത്താൻപോകുന്ന നിയമത്തിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള സാദ്ധ്യതകൂടി ആരായണമെന്നു പറഞ്ഞുകൊള്ളുന്നു.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യർ: ഞാൻ അവതരിപ്പിക്കുന്ന ദേഗതി ഇതാണ്.

'പ്രമേയത്തിൽ, ''സത്വര നടപടികൾ'' എന്നതു്, ''സത്വരവും, പ്രായോഗികവുമായ നടപടികൾ'' എന്നാക്കി മാറ്റുക.'

നമ്മുടെ സ്റ്റേറ്റിലെ തൊഴിലാളി സമൂഹങ്ങളിൽ ഏറ്റവും അവശത അനുഭവിക്കുന്നവരും, അസംഘടിതരുമായ സമുദായമാണു കാർഷിക തൊഴിലാളികൾ എന്നുള്ള കാര്യം എല്ലാവരും സമ്മതിക്കുന്നതാണു്. അവരെ ഇന്നത്തെ അവശതയിൽ നിന്നും എങ്ങനെ ഉദ്ധരിക്കാമെന്നുള്ളതു് ഗൗരവമായി ചിന്തിക്കാതെ ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം അവരുടെ ജീവിതനിലവാരം ഉയരുമെന്നു് എനിക്കഭിപ്രായമില്ല. അവരുടെ ഇടയിലുള്ള അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മാറി മറ്റു സമുദായങ്ങളോടൊപ്പം ഉയർന്നുവരണമെന്നുള്ള ബോധമുണ്ടാക്കണമെങ്കിൽ തീർച്ചയായും കുറെ കാലത്തിനുശേഷമായ യത്നം ഗവണ്മെൻറിന്റെ ഭാഗത്തുനിന്നും പൊതുജനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകണം, ഈ സ്റ്റേറ്റിൽ ഏറ്റവും കൂടുതൽ അവശത അനുഭവിക്കുന്ന കർഷകത്തൊഴിലാളികൾ അധിവസിക്കുന്ന പ്രദേശം വയനാടാണു്. അവിടെ അടിമ സംപ്രദായം ഉണ്ടെന്നുള്ളതു് പലപ്പോഴും നിഷേധിക്കപ്പെട്ടിട്ടും ഈ സഭയിൽ അതു് ആവർത്തിക്കുന്നതായികേട്ടിട്ടുണ്ടു്. അവിടെ അങ്ങനെയൊരു അടിമസംപ്രദായം ഇല്ല. വാസ്തവത്തിൽ അവിടെ നടപ്പുപണം, നിൽപുപണം എന്നീരീതിയിൽ അഡ്വാൻസു് സംഖ്യ കൊടുക്കുന്ന സംപ്രദായം ഉണ്ടെന്നു ഹരിജനക്ഷേമവകുപ്പുമന്ത്രിതന്നെ ഇവിടെ സൂചിപ്പിച്ചിട്ടുണ്ടു്. അതിനെ അഡ്വാൻസുകൊടുക്കുന്ന സമ്പ്രദായം അത്രമാത്രം ഒരു സാമൂഹ്യദ്രോഹമാണോ ? ഒരാണ്ടു ജോലിചെയ്തുകഴിഞ്ഞാൽ വരുന്ന ആണ്ടിൽ ജോലി ചെയ്യുന്നതിലേക്കുള്ള അഡ്വാൻസു് രൂപത്തിൽ കുറെ സംഖ്യ ചിലർ പറ്റാറുണ്ടു്. അതിനു് ആ നാട്ടിലുള്ള പ്രാദേശികമായ പേരു നിൽപു പണം എന്നായിപ്പോയി എന്നല്ലാതെ, അതിനു പ്രത്യേക പതിത്വം കല്പിക്കുന്നതു് തെറ്റാണു്.

ആ ഒരു സംപ്രദായത്തിൽ യാതൊരു നിർബന്ധവും ഇന്നു അവിടെ ഇല്ലാത്തതുകൊണ്ടു ഇന്നതന്നെ വേണമെങ്കിലും അതു അവിടത്തെ ആദിവാസികൾ സ്വന്തമായി വിചാരിച്ചാൽ നിറുത്താൻ സാധിക്കുന്നതാണു്. അതു
12 Noon] കൊണ്ടു് ഈ രീതിയിലുള്ള അവാസ്തവ പ്രസ്താവനകൾ ഹരിജനങ്ങൾക്കുവേണ്ടി ചെയ്യുന്നതു് ഉപകാരമല്ല, അവർക്കു ഗുണമുണ്ടാകുന്നതിനു സഹായകമായ സാഹചര്യമല്ലാ സൃഷ്ടിക്കുന്നതു്, അവരെ കൂടുതൽ കഷ്ടത അനുഭവിപ്പിക്കുന്നതിനാണു്. അവരെ ഒന്നുംകൂടി അടിമയാക്കാൻവേണ്ടിയാണു് നിയമസഭയിൽ ഇങ്ങനെയുള്ള ദുഷ്പ്രചരണങ്ങൾ ചെയ്യുന്നതു് എന്നു സൂചിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു. കാൺഗ്രസു് ഈ രാജ്യം അടക്കിഭരിച്ചിട്ടും കാർഷികതൊഴിലാളികൾക്കു ഉന്നമനവും ഉയർച്ചയും ഉണ്ടാകുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യാൻ സാധിച്ചില്ലാ എന്നു പറയുകയുണ്ടായി. ഇവിടെ കവിതകൾ പലതും ചൊല്ലുന്നതു് ഒരു പാരമ്പര്യമായിതീർന്നിട്ടുണ്ടു്. ഇവർ പാട്ടപാടി നടന്നു ഈ രാജ്യത്തെ ജനങ്ങളെ വഴിതെറ്റിച്ചു എന്നുള്ളതല്ലാതെ അവർക്കു ഈ കാർഷികതൊഴിലാളികൾക്കു എന്തു ഉന്നമനമുണ്ടാക്കാൻ സാധിച്ചു സാർ; അവരെ ഗാനാത്മകമായ പാട്ടുകൾ പാടി ഈ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ ''നമ്മൾ കൊയ്യും നിലമെല്ലാം നമ്മുടെതാകും പൈങ്കിളിയെ'' എന്നുള്ള പാട്ടുകൾ പാടി ഭൂമിയെല്ലാം തങ്ങൾക്കവകാശപ്പെട്ടതാകും എന്നു അവരെ പറഞ്ഞു വിശ്വസിപ്പിച്ചു. അങ്ങനെ നിങ്ങൾ പാവപ്പെട്ട അദ്ധ്വാനിക്കുന്ന ജനവിഭാഗത്തെ പറഞ്ഞു വിശ്വസിപ്പിച്ചു കൊണ്ടു മുന്നോട്ടുപോയി എന്നുമാത്രമല്ലാതെ ഇവിധ ജീവിതസുഖങ്ങൾ കൈവരുത്താൻ സിധിച്ചിട്ടില്ല. ജനങ്ങളെ ന്യായമായ സംഗതികളിൽ വിശ്വസിപ്പിച്ചുകൊണ്ടു മുന്നോട്ടു നയിച്ചാൽ മാത്രമേ ഈവിധ



LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി ബാലകൃഷ്ണൻ നമ്പ്യാർ]

ജീവിതസുഖസൗകര്യങ്ങളും അവർക്ക കൈവരുത്താൻ സാധിക്കുകയുള്ള. ഈ ഗവണ്മെൻറുപക്ഷത്തു നിന്നും അങ്ങനെ പറയാറില്ലാ എന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. അതുകൊണ്ടു് ഈ നിയമത്തിൽക്കൂടി കാർഷികതൊഴിലാളികൾക്ക മിനിമം വേജസ് നിശ്ചയിച്ചു അതു പ്രായോഗികമായ രീതിയിൽ ആക്കിത്തീർക്കുന്നതിനുള്ള സമീപനം ഗവണ്മെൻറു എടുക്കണം. എന്തുകൊണ്ടു പ്രായോഗികമായ രീതിയിലല്ലാ എന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ. ഈ രാജ്യത്തു ഇപ്പോഴും കൃഷി ലാഭകരമല്ലാതായിത്തീർന്നിരിക്കുകയാണു്. കൃഷിച്ചെലവു വർദ്ധിച്ചു. കൃഷിയിൽനിന്നുള്ള പ്രൊഡക്ഷൻ കമ്പോളവില ഇവയെല്ലാംകൂടി കണക്കിലെടുത്തുകൊണ്ടുമാത്രമേ സ്ഥിരമായി അതിനുള്ളകൂലി എന്താണെന്നുള്ളതു നിശ്ചയപ്പെടുത്താൻ സാധിക്കയുള്ള. അല്ലാതെകണ്ടു നിയമത്തിലെഴുതിവച്ചാൽ അതു പ്രായോഗികമായിതീരുകയില്ല. ചില സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം പ്രാദേശികമായ പല സൗകര്യങ്ങളുമുണ്ടായേക്കാം. ചില സ്ഥലങ്ങളിൽ ജലസേചനസൗകര്യമുണ്ടു്. അവിടെ കൂടുതൽ ഉൽപ്പാദിപ്പിക്കാം. മറ്റുള്ളപ്രദേശങ്ങളിൽ അതുകിട്ടുകയില്ല. അങ്ങനെ വരുമ്പോൾ പ്രാദേശികമായിരിക്കുന്ന വ്യത്യാസങ്ങളും കണക്കിലെടുത്തുകൊണ്ടുള്ള തീരുമാനം അല്ലെങ്കിൽ അതു അപ്രായോഗികമായിത്തീരും.

ഇതു പറയുമ്പോൾ ഒരു കാര്യം കൂടി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്നു കാർഷികതൊഴിലാളികൾക്കു മിനിമം വേജസ് ഏർപ്പെടുത്തണമെന്നു പറയുന്നതോടൊപ്പം അവർക്കു അവരുടെ തൊഴിൽ ചെയ്യുന്നതിനുള്ള ഉപകരണങ്ങളും അതായതു്, എത്രയും ലാഘവത്തോടുകൂടി പ്രവർത്തിക്കുന്നതിനു പറ്റിയ ഉപകരണങ്ങളും ഉണ്ടാക്കിക്കൊടുക്കുക അവർക്കു മഴയത്തും മറ്റും കൂടിക്കൊണ്ടുപ്രവൃത്തി എടുക്കുവാൻ സാധിക്കുന്ന രീതിയിലുള്ള കുടകളും ഇവ സമ്പാദിച്ചുകൊടുക്കുക എന്നുള്ളകാര്യങ്ങളും ആലോചിക്കണം. അങ്ങനെയുള്ള ശാസ്ത്രീയമായ സമീപനം ആ മൂലാഗ്രം ഉണ്ടാക്കിക്കൊടുക്കണം എന്നഭ്യർത്ഥിച്ചുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കൃഷ്ണൻ: ഞാൻ കൊടുത്തിട്ടുള്ള ഭേഗതി പഞ്ചായത്തു അടിസ്ഥാനത്തിൽ കാർഷികതൊഴിലാളികളുടെ കണക്കെടുത്തു ലിസ്റ്റു സൂക്ഷിക്കണമെന്നുള്ളതാണു്. ഇതുകൂടി ആ പ്രമേയത്തിൽ വരണം എന്നു ഞാൻ ആഗ്രഹിക്കാനുള്ള കാരണം, കാർഷികത്തൊഴിലാളികളും അസംഘടിതരാണു് എന്നുള്ള കാലഘട്ടം മാറി അവർ സംഘടിക്കാൻപോകുന്ന ഒരു കാലഘട്ടമാണു് ഇതു്. അങ്ങനെ സംഘടിക്കുന്നതായിട്ടുള്ള തൊഴിലാളികൾക്കു ട്രേഡു് യൂണിയൻ മൂലമുള്ള യാതൊരു ആനുകൂല്യങ്ങളും അവർക്കു് കിട്ടാൻ സാദ്ധ്യമല്ലാതെയാണിരിക്കുന്നതു്. കാരണം, ഇന്നു ഈ വൻകിട ജന്മിമാർ ഈ കാർഷികതൊഴിലാളികളെക്കൊണ്ടു പണിയെടുപ്പിക്കുന്നുണ്ടെങ്കിലും അവരുടെ മസ്റ്റർറോൾ സൂക്ഷിക്കുന്നില്ല. അങ്ങനെ വരുമ്പോൾ ട്രേഡ്യൂണിയൻ അടിസ്ഥാനത്തിൽ അവർ ലേബർ ഉദ്യോഗസ്ഥന്മാരുടെ മുമ്പിൽ ഹാജരാകുമ്പോൾ ഇവർ തൊഴിലാളികളല്ലാ, എന്നു ശക്തിയായി വാദിക്കുന്നതിനുവേണ്ടിയാണു്. ലേബർ ആഫീസറും അസിസ്റ്റൻറു ലേബർ ആഫീസറും ഇവരെ വിളിക്കുമ്പോൾ ഇവർ തൊഴിലാളികളല്ലാതായിത്തീർന്നിട്ടുണ്ടു്, എൻെറ കീഴിൽ തൊഴിൽ ചെയ്തിട്ടില്ലാ എന്നെല്ലാംപറഞ്ഞു ആക്റ്റിനെ എതിർക്കുന്നതിനുവേണ്ടിയാണു്. ഏതെങ്കിലും തൊഴിൽ തർക്കമുണ്ടായി ലേബർ ഉദ്യോഗസ്ഥന്മാരുടെ മുമ്പിൽ ചെന്നാൽ ഇവർ കാർഷിക തൊഴിലാളികളാണെന്നുള്ളതിനു യാതൊരു ലക്ഷ്യവും കിട്ടാത്ത വ്യവസ്ഥയാണിപ്പോഴുള്ളതു്. ട്രേഡ്യൂണിയൻ രജിസ്ട്രേഷൻ അനുസരിച്ചുകൊണ്ടു ഈ തൊഴിലാളികളും സംഘടിച്ചാൽ മാസംപ്രതി അവർ വരിസംഖ്യ കൊടുക്കണം. അങ്ങനെ 10 അണയും 12 അണയും 14 അണയും കൂലി കിട്ടുന്ന തൊഴിലാളി മാസവരി കൊടുക്കണം എന്നു പറയുന്നതും ആലോചിക്കേണ്ടതാണു്. ഏതായാലും വളരെ അധികം അവശത അനുഭവിക്കുന്ന ഒരു തൊഴിലാളി വിഭാഗമാണു് കാർഷികതൊഴിലാളികളും. ഈ കൊല്ലത്തിലുണ്ടാകുന്നതിനേക്കാളും ആയിരക്കണക്കിനു തൊഴിലാളികൾ അടുത്തകൊല്ലത്തേക്കു വന്നുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടു് ഏതു തൊഴിലാളിയാണു് ജോലി ചെയ്യുന്നതു് എന്നു അറിയുന്നതിനുവേണ്ടിയാണു് പഞ്ചായത്തു അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഇവരുടെ കണക്കെടുക്കണം എന്നു പറഞ്ഞതു്. അങ്ങനെ കണക്കെടുത്തു അവരുടെ ലിസ്റ്റ് സൂക്ഷിക്കണം. അതു ലേബർ ഉദ്യോഗസ്ഥന്മാരുടെ അടുക്കൽ കൊണ്ടുചെന്നാൽ അനുവദിക്കേണ്ടതാണു്.

മറെറാരു സംഗതി, ഈ വിഭാഗത്തിൽപ്പെട്ടുകിടക്കുന്ന ഹരിജനങ്ങളും പട്ടികജാതിക്കാരുമായ തൊഴിലാളികളും ഇന്നും അടിമത്വം അനുഭവിക്കുന്നു എന്നുള്ളതാണു്. ഈ നില്പുപണി എന്നുവച്ചാൽ നിർബ്ബന്ധമായി ഒരു കൊല്ലത്തേക്കു ഒരു തൊഴിലാളി ഒരു ജന്മിയുടെ കീഴിൽ പണിയെടുക്കണം എന്നാണു്. അതേമാതിരി വള്ളുവനാട്ടുതാലൂക്കിൽ വിഷുനില്പു് എന്നൊരു സംപ്രദായമുണ്ടു്. ഈമാതിരി ഏർപ്പാടുകളും ഇന്നും നിലനിൽക്കുന്നതുകൊണ്ടു ഹരിജനങ്ങളും ഗിരിവർഗ്ഗക്കാരും ഇന്നും അടിമത്വം അനുഭവിച്ചുവരുന്നുണ്ടു്. അങ്ങനെയുള്ള സംപ്രദായം ഇല്ലാ ഇല്ലാ എന്നു പറഞ്ഞു ഒഴിഞ്ഞുമാറുന്ന സ്വഭാവം ശരിയല്ല. അങ്ങനെ അധഃപതിച്ചുകിടക്കുന്ന ഒരു വിഭാഗത്തിനു നിയമപരമായിട്ടുതന്നെ മിനിമംവേജസു് നിശ്ചയിക്കേണ്ടതാണു്. ഈ ഉപരിഷ്ക്കരണനിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആചാരപ്രകാരം കൊടുക്കുന്ന ആ തരത്തിലുള്ള സംപ്രദായങ്ങളും ഈ രാജ്യത്തുണ്ടു്. ഈ തൊഴിലാളികളും വളരെ അധികം വിഷമത അനുഭവിക്കുന്ന ഒരു ജനവിഭാഗമാണെന്നുള്ള നിലയിൽ ടേഡ് യൂണിയൻ അടിസ്ഥാനത്തിൽ മിനിമംവേജസു് നിശ്ചയിക്കുകയും, അവരെ വീടുപണിചെയ്യിച്ചും ചായപ്പണിചെയ്യിച്ചും, അന്യായമു്, ചായ കൊടുത്തു കൂടുതൽ സമയം പണിയെടുപ്പിക്കുകയും, ചെയ്യുന്നതു് ഇല്ലായ്മ ചെയ്തു ഇവർക്കു ഒരു രേഖ സൃഷ്ടിക്കണം എന്നുള്ളതാണു് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്.

**Shri R. Raghava Menon:** Sir, I have no objection to improve the conditions of the labourers whether in agriculture or otherwise. I am not at all against that. But at the same time I would protest against the facts that have been given by hon. Shri Vasu, about the difficulties that are being experienced. On the other hand labourers are not experiencing any difficulty. The landlords are afraid of them and they are given reasonable wages. The wages have been increased more than what it was before. There is no question of ill-treatment or harrassment of the labourers by the landlords.

**Shri Malethu Gopinatha Pillai:** In olden days they were not even getting their wages in money, do you know that?

**Shri R. Ragava Menon:** Now things are different. They are given wages. They are given loans and advances and over and above that, during harvest the labourer gets more. Previously the worker gets one para of paddy for every ten paras thrashed and now it has been increased for every 8 paras. In other words the landlords are prepared to adjust to the demands of the labourers and all that have been said here would only help to create ill-feeling between the labourers and landlords. That attitude I cannot understand. I am not a cultivator. I am only a landlord and I have tenants. I know the conditions of the agricultural labourers very well. There is no trouble. I request my friend not to carry on to this Assembly such remarks that the relations between the landlords and the labourers are very bad and the labourers are being ill-treated by landlords etc. That will not do any good to anybody whichever party he belongs to. We are not here to protect party politics and interests. We are here for the people at large.

The labourers are now getting three rupees. I have no complaint. They must be given. But at the same time I protest against the ill-feeling expressed here, because there is no representative of the

LIBRARY ARCHIVES Kerala Legislative Assembly

[Sri. R. Raghava Menon]

landlords whose case is pictured in the blackest colour. That should not be. I know the conditions of both the parties. Thousands of wrong things are placed before this House and they are carrying on propaganda for party purposes. Is it not distorting fact? You are always saying that the conditions of the labourers are very bad and that the landlords in Kerala are suppressing the labourers. All these are absolutely false and untrue. As a Member of this House, I have got a duty to raise my voice, because I am a small landlord. I am convinced of the conditions the labourers. There is nothing wrong. There is Mr. John who is a landlord and who is very much respected and he will not say like this. I challenge. Their wages are increasing and the landlords are prepared to increase the wages if possible. All these are going on. Land Revenue is increasing. There will be adjustments. Without adjustment the people cannot afford to get on. Things are moving smoothly there. These are all for propaganda. I have to protest against that and I have placed my suggestion.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: ''നകവും തോളത്തേന്തി കാളയ്ക്കു പിന്നിൽപോകും ശക്തിസ്വരൂപൻ'' എന്ന വള്ളത്തോൾ മഹാകവി പാടിയിട്ടുള്ളതുപോലെ ഈ മഹാശയന്മാരെക്കുറിച്ചുതന്നെ ഇന്ന അന്നദാതാക്കന്മാർ നമ്മുടെ കർഷകരാണു്. വാസ്തവത്തിൽ നാം കർഷകരുടെ ബന്ധുക്കളാണു്. കർഷകരും കൃഷിത്തൊഴിലാളികളും തമ്മിൽ ഇന്ന വൈരുദ്ധ്യമുണ്ടെന്നു വിചാരിക്കുന്നതുതന്നെ തെറ്റാണു്. കാരണം, തൊഴിലാളിയുടെ ആത്മാർത്ഥമായ സഹായസഹകരണത്തോടുകൂടി മാത്രമേ ഇന്നീ പിൻതിരിപ്പന്മാരായ വലിയ ജന്മിമാർക്കു് പാട്ടംകിട്ടുവാൻ സാധിക്കയുള്ളു. ഈ കർഷകരും കർഷകത്തൊഴിലാളികളും ഈ പിൻതിരിപ്പന്മാരായ വൻകിടജന്മിമാരിൽനിന്നും പാട്ടം ഇളവു ചെയ്തു കിട്ടുന്നതിനുവേണ്ടി യോജിച്ചുനിന്നുകൊണ്ടു പോരാടീട്ടുണ്ടു്. നമ്മുടെ രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി പണ്ടത്തെ നാടുവാഴിത്ത സമ്പ്രദായത്തെ കടപുഴകി എറിയുന്നതിനുവേണ്ടി സമരങ്ങൾതന്നെ ഇവിടെ നടത്തീട്ടുണ്ടു്. അവർ കൃഷിത്തൊഴിലാളികളാണെന്നു പറയാൻ പാടില്ല. ഈ പാടം എന്റെ ആണെന്നും ഈ ഉൽപ്പാദനം എന്റെ രാജ്യത്തിനുവേണ്ടിയുള്ളതാണെന്നുമുള്ള ബോധം അവരിൽ ഉണ്ടാക്കിയതിന്റെ ഫലമായാണു് ഇവിടെ ഈ കാര്യങ്ങളെല്ലാം സാധിതപ്രായമായതു് എന്നുള്ളതു നാം വിസ്മരിക്കരുതു്. ഇങ്ങനെ ഒരു ബോധം അവരിൽ ഉളവാക്കിയതു്, ഈ പ്രചോദനം അവർക്കുണ്ടായതു് ഈ പാട്ടകവും മുഖേനയും കലാപരിപാടികവും മുഖേനയും മറ്റുമാണു്. ഒരു കമ്മി പ്രദേശമായ കേരളത്തിൽ കൂടുതൽ നെല്ലുണ്ടാക്കുന്നതിനുവേണ്ടി കർഷകസംഘവും കമ്മ്യൂണിസ്റ്റ്പാർട്ടിയും കവിതകവും എഴുതിയിട്ടുള്ളതും കലാപരിപാടികവും സംഘടിപ്പിച്ചിട്ടുള്ളതും, ആ കവിതകളുടെ ഫലമായി കലാപരിപാടികളുടെ ഫലമായിട്ടാണു് ഇതെല്ലാം എന്നു് ഓർക്കാതെ വെറും പ്രസംഗത്തിനുവേണ്ടി അദ്ദേഹം എന്തോ പറഞ്ഞു എന്നുള്ളതിൽ ഞാൻ കുണ്ഠിതപ്പെടുകയാണു്.

ഈ മിനിമംവേജസ് കമ്മിറ്റിയുടെ റിപ്പോർട്ട് പുറത്തായാൽ അതിനു സഹായകരമായിട്ടുള്ള നിർദ്ദേശങ്ങളും ഇന്ന രാജ്യത്താകമാനം പ്രസിദ്ധപ്പെടുത്തണം. ഇന്നതെന്നു കേംപ്ലോത്തും കേംവിയുമില്ലാത്ത ഇവർക്കു യാതൊരു രക്ഷയുമില്ലാത്ത ഒരു അവസ്ഥയാണുള്ളതു്. വളരെ മനോഹരമായ പുഷ്പങ്ങളാണെങ്കിലും വെറുതെ ഈ പുഷ്പങ്ങളും ഉണ്ടാകുകയില്ല. അതുപോലെ കേംപ്ലോത്തും കേംവിയുമില്ലാത്ത ഈ കൂട്ടരുടെ കാര്യത്തിലും ഗവണ്മെന്റു് ശ്രദ്ധചെലുത്തേണ്ടതാണു്. അവരുടെ എല്ലാ സങ്കടങ്ങൾക്കും പരിഹാരമുണ്ടാക്കണം. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തണം. ഇവരുടെ കണക്കു പഞ്ചായത്തു് അടിസ്ഥാനത്തിൽ എടുത്തു ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം.

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി ശ്രീ. കെ. ടി. അച്യുതൻ: മാഡം, ഈ രാജ്യത്തെ കർഷകരെ സംബന്ധിച്ചും, കർഷകത്തൊഴിലാളികളെ സംബന്ധിച്ചും, അവരുടെ പ്രാധാന്യത്തെ

കുറിച്ചും ആക്കും അഭിപ്രായവ്യത്യാസമില്ല. ഇതൊരു കർഷകരാജ്യമാണെന്നും, കാർഷികാഭിവൃദ്ധി ഉണ്ടായാൽ മാത്രമേ ഈ രാജ്യം ഒരു ക്ഷേമരാഷ്ട്രമാകുകയുള്ളുവെന്നും എല്ലാവർക്കും അറിയാം. അതുകൊണ്ടാണു്, ഓരോ പ്ലാനിലും കൂടുതൽ പണം കാർഷികാഭിവൃദ്ധിക്കുവേണ്ടി മാററി വയ്ക്കുന്നതു്. മറ്റു സംഘടിതരായ തൊഴിലാളികളെപ്പോലെ കർഷകത്തൊഴിലാളികളും ഉയർന്നിട്ടില്ല; അതുകൊണ്ടു് അല്പം കുറവു് അവർക്കുണ്ടതാനും. എങ്കിലും, സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം, പത്തുപതിനേഴ കൊല്ലക്കാലത്തെ പ്രവർത്തനങ്ങളുടെ ഫലമായി, അവർ വെറും 'ഇരുകാലിമാടുകൾ' ആണെന്നു പണ്ടു പാടിയതു്, ഇന്നു യാതൊരു തരത്തിലും സ്വീകരിക്കാൻ നിവൃത്തിയില്ലാത്ത ഒരു സ്ഥിതിയിൽ എത്തിയിട്ടുണ്ടു്. ഇൻഡ്യയിൽത്തന്നെ അങ്ങനെ അധഃപ്പതിച്ച, അവഗണിക്കപ്പെട്ട കർഷകതൊഴിലാളികൾ ഉണ്ടോ എന്നു സംശയമാണു്. വയനാട്ടിലെ കാര്യം ഇവിടെ സൂചിപ്പിച്ചിട്ടുള്ളതിനു് ഉത്തരവാദപ്പെട്ട മന്ത്രി മറുപടി പറഞ്ഞിട്ടുള്ളതാണു്. ഫാക്ടറിത്തൊഴിലാളികളെപ്പോലെയോ, തോട്ടം തൊഴിലാളികളെപ്പോലെയോ സംഘടിതരായി, അവകാശങ്ങൾ നേടിയെടുക്കാൻ വർഷംതോറും എല്ലാദിവസവും ജോലികിട്ടാനുള്ള ഒരു സാഹചര്യം സൃഷ്ടിക്കാൻ കർഷകതൊഴിലാളികൾക്കു സാധിച്ചിട്ടില്ല. 1957—ൽ തിരു—കൊച്ചി സംസ്ഥാനത്തു് മിനിമംവേജസ് ഏർപ്പെടുത്തി വ്യവസ്ഥചെയ്തു. കേരളം ആയപ്പോൾ കേരളത്തിൽ ആകമാനം വ്യാപിപ്പിച്ചതു് കോടതി അസാധുവാക്കിയതിന്റെ അടിസ്ഥാനത്തിൽ അതു തുടർന്നുപോകാൻ സാധിച്ചില്ല. പിന്നെ, അതു റിവൈസ് ചെയ്തുകൊണ്ടു് കാലത്തിനൊത്തു മുമ്പോട്ടുപോകുകയാണു്. അദ്ധ്വാനിക്കുന്ന തൊഴിലാളിവർഗ്ഗത്തിനു് ന്യായമായ വേതനം കിട്ടണം, സ്വന്തമായി വളരാനുള്ള സൗകര്യം നൽകണം എന്നാണു് ഗവണ്മെൻറിന്റെ ആഗ്രഹം. ഇതു ഭംഗിക്കുവേണ്ടി പറയുന്നതല്ല. മി. കൃഷ്ണൻ പറഞ്ഞു ഇവിടെ അടക്കി ഭരിക്കാനുള്ള ശ്രമം നടത്തുന്നുവെന്നു്. ഏതു പാർട്ടിയാണു് അടക്കിഭരിക്കുന്ന സമ്പ്രദായം അംഗീകരിച്ചിട്ടുള്ളതെന്നു ഞാൻ പറയാതെ അറിയാമല്ലോ. സ്വതന്ത്രമായ നിലയിൽ കാര്യം പറഞ്ഞു ധരിപ്പിച്ചിട്ടു്, അറിയേണ്ട കാര്യങ്ങളും തുറന്നു പറഞ്ഞിട്ടു് കാൺഗ്രസ്സു് ഇവിടെ ഭരണം നടത്തുകയാണു്.

ശ്രീ. എം. വി. വാസു: എന്നിട്ടു് 1957—ൽ നിയമസഭ പാസ്സാക്കിയ നിയമം റദ്ദാക്കിയിട്ടു്, ഇതുവരെ ഒരു നിയമം നടപ്പിൽ വരുത്താതിരിക്കുന്നതു് എന്തുകൊണ്ടാണു്?

ശ്രീ. കെ. ടി. അച്യുതൻ: അതിനേക്കാൾ ഭേദപ്പെട്ട നിലയിൽ ഒരു നിയമം കൊണ്ടുവരണമെന്നു വിചാരിച്ചിട്ടാണു് ഒരു കമ്മിറ്റിക്കു വച്ചതു്. അതിനെപ്പറ്റി സവിസ്തരം ചർച്ച നടത്തി, എല്ലാ കാര്യങ്ങളും പരിശോധിച്ചു് റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടു്. ഈ രാജ്യത്തെ എല്ലാ സ്ഥിതിഗതികളും അടിസ്ഥാനപ്പെടുത്തി എല്ലാ വ്യവസായശാഖകളിലും കൂലി നിജപ്പെടുത്താൻ ഒരു മിനിമംവേജസ് അഡ്വൈസറി ബോർഡുണ്ടു്. അവരോടു് ഈ കാര്യത്തെ സംബന്ധിച്ചു് അഭിപ്രായം ആരാഞ്ഞിരിക്കുകയാണു്. അവരും റിപ്പോർട്ടു തന്നിരിക്കുകയാണു്. എല്ലാം പരിശോധിച്ചതിനുശേഷം താമസം കൂടാതെ മിനിമംകൂലി നിജപ്പെടുത്തുന്നതാണു്. ശ്രീ. പി. കെ. കുഞ്ഞച്ചൻ പറഞ്ഞു, കഴിഞ്ഞ രണ്ടുമൂന്നുകൊല്ലമായി ജീവിതസൂചിക വളരെ വർദ്ധിച്ചിട്ടുണ്ടെന്നു്. മുഖ്യമന്ത്രിതന്നെ ഇവിടെ വ്യക്തമാക്കിയിട്ടുണ്ടു്, 5 ശതമാനം 6 ശതമാനം വരെ ജീവിതസൂചിക വർദ്ധിച്ചിട്ടുണ്ടെന്നു്. രാജ്യം വികസനപരമായി മുന്നോട്ടുപോകുമ്പോഴും ഈ മാറ്റം വരാതെ നിവൃത്തിയില്ല. അതെല്ലാം കണക്കിലെടുത്തുകൊണ്ടു് ഈ സംസ്ഥാനത്തെ മറ്റു വ്യവസായസ്ഥാപനങ്ങളിലെ തൊഴിലാളികൾക്കു കിട്ടുന്ന ആനുകൂല്യങ്ങളും മനസ്സിൽവച്ചുകൊണ്ടുതന്നെ ഈ കാര്യത്തിൽ കഴിയുന്നതുംവേഗം ഗവണ്മെൻറു് ഒരു അവസാനതീരുമാനം എടുക്കുന്നതാണു്. ഏറ്റവും കുറഞ്ഞ കൂലിയായിരിക്കും ഉടനെ നിശ്ചയിക്കുന്നതു്. പാലക്കാടും, വള്ളുവനാടും, വയനാടും എല്ലാം പണ്ടത്തെ സാമൂഹിക വ്യവസ്ഥകളാണുള്ളതെന്നും, കർഷകത്തൊഴിലാളികൾ വളരെ സ്വതന്ത്രമായി അവരുടെ അവകാശങ്ങൾക്കു വാദിക്കാൻ മടിയുള്ളവരാണെന്നും ഇവിടെ സൂചിപ്പിച്ചു. വേലചെയ്യാൽ കൂലികിട്ടാനുള്ള അസൗകര്യം ഇന്നു കർഷകത്തൊഴിലാളികളെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ടി. അച്യുതൻ]

സംബന്ധിച്ചിടത്തോളം ഉള്ളതായി മതാന്നന്നില്ല. എന്താണ് ഇന്നത്തെ കൂലി നിരക്ക്? പട്ടണപ്രദേശങ്ങളിൽ ഒരു പുരുഷനു് മൂന്നുരൂപാ കൊടുക്കണം. അതിൽ കുറഞ്ഞാൽ ആളെ ജോലിക്കു കിട്ടുകയില്ല. ഉൾനാടുകളിലാണെങ്കിൽ രണ്ടര രൂപാ കൊടുക്കണം. അതിൽ കുറഞ്ഞുപോയാൽ വേലയ്ക്കു് ആളിനെ കിട്ടുകയില്ല. അതിനുംപുറമേ ക്ഷേണവും, ചായയും കൊടുക്കുന്നവരുമുണ്ടു്. ഏതായാലും അവർ നാട്ടിന്റെ നന്മയ്ക്കാണെന്നു സമ്മതിക്കുന്നു. അവർക്കു മിനിമം കൂലി നിജപ്പെടുത്തേണ്ടതു് ആവശ്യവുമാണു്. അതിൽ അസാംഗത്യമില്ല. ഏതായാലും ഇന്നത്തെ കൂലി പിന്നാക്കംപോകുകയില്ല, മുമ്പോട്ടുപോകുകയേ ഉള്ളൂ. പാലക്കാട്ടെ കർഷകത്തൊഴിലാളികളുടെ കാര്യം ശ്രീ. രാഘവമേനോൻ പറഞ്ഞു. അവിടത്തെ സ്ഥിതി വളരെ ദയനീയമായിട്ടുവരികയാണു്. ഇന്നവർക്കു് സംഘടനയുണ്ടു്. ആരുടെയെങ്കിലും പിന്നാലെപോകാതെ സ്വന്തമായി കാര്യങ്ങൾ അറിയാൻ തുടങ്ങിയിട്ടുണ്ടു്. ജന്മിമാരും, കർഷകത്തൊഴിലാളികളും സൗഹാർദ്ദതയിൽ കാര്യങ്ങൾ പറഞ്ഞുതീർത്തു രമ്യതയിൽ പോകാൻ ഒരു സാഹചര്യം വളർന്നുവരുന്നുണ്ടു്. ഏതായാലും ഒരു ഫ്യൂഡലിസ്റ്റു് സമ്പ്രദായം അവിടെ വളർന്നുവരുന്നുണ്ടെന്നു ശ്രീ. കൃഷ്ണൻ പറഞ്ഞതു ശരിയാണെന്നു തോന്നുന്നില്ല. ചുറുപാടുകൾ അനുസരിച്ചു് സ്നേഹമായി പെരുമാറുകയും, ന്യായമായ കൂലി കൊടുക്കുകയും, ജന്മിമാരും കർഷകത്തൊഴിലാളികളും കാലോചിതമായി വളരാൻ തയ്യാറാകുകയും ചെയ്തിട്ടുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

ശ്രീ. എം. വി. വാസു കൂലി നെല്ലായിട്ടു കൊടുക്കുന്നതിനെപ്പറ്റി പറഞ്ഞു. ഒരു പറ നെല്ലിനു് ഇപ്പോൾ മൂന്നു, മൂന്നരരൂപാ വിലയുണ്ടു്. നാലഞ്ചു ഇടങ്ങഴി നെല്ലു് കൂലി കിട്ടും. എന്റെ ഒരു ചോദ്യത്തിനു് ശ്രീ. ഇ. പി. ഗോപാലൻ ഇവിടെ പറഞ്ഞിട്ടുണ്ടു്, അവരുടെ ഭാഗങ്ങളിൽ കൂലിനിരക്കു് 3 നാരായം നെല്ലാണെന്നു്. മൂന്നു നാരായം എന്നു പറഞ്ഞാൽ, 3 x 6=18 നാഴി, നാലര ഇടങ്ങഴി, ഏകദേശം അരപ്പറ നെല്ലാകും. അത്രയും നെല്ലു കൂലി കിട്ടിയാൽ, ഒരുരൂപാ പത്തണവരെ വിലയാകും.

ശ്രീ. എം. നാരായണക്കുറുപ്പു്: 3 x 5=15 നാഴിയേ വരൂ.

ശ്രീ. കെ. ടി. അച്യുതൻ: ശ്രീ. ഇ. പി. ഗോപാലൻ പറഞ്ഞ കണക്കനുസരിച്ചാണു ഞാൻ പറഞ്ഞതു്. പൊതുവേ നോക്കിയാൽ, ഇന്നു് കർഷകത്തൊഴിലാളികളെക്കൊണ്ടു ഇരുകാലി മാടുകളെപ്പോലെ ജോലിചെയ്യിക്കാൻ ആരും ശ്രമിക്കുന്നില്ല, അതു സാദ്ധ്യവുമല്ല. ഗവണ്മെന്റു അതു സമ്മതിക്കുകയുമില്ല. അങ്ങനെ പറയുന്നതെല്ലാം പഴം പുരാണമായിത്തീർന്നിരിക്കുകയാണു്.

ശ്രീ. എം. വി. വാസു പറഞ്ഞ കാര്യങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിലുണ്ടു്. കഴിയുന്നതുംവേഗം കാർഷികത്തൊഴിലാളികളുടെ കുറഞ്ഞകൂലി നിജപ്പെടുത്തുന്നതാണു്.

പിന്നെ ഇവിടെ പറഞ്ഞ ഒരു കാര്യം, പഞ്ചായത്തടിസ്ഥാനത്തിൽ കർഷകരെ സംബന്ധിച്ച ലിസ്റ്റുണ്ടാക്കണമെന്നാണു്. അതിന്റെ ഒരു കണക്കു് ഇപ്പോൾ ഇവിടെയുണ്ടു്. 1961-ലെ സെൻസസ്സു് കഴിഞ്ഞപ്പോൾ ഓരോ കുടുംബത്തിലെയും വിവരങ്ങൾ വിശദമായി ശേഖരിച്ചിട്ടുണ്ടു്.

The number of agricultural labourers in Kerala as published by the Census Department will come to about 9,78,396.

അവരെസംബന്ധിച്ചിടത്തോളം സംഘടിതമായി നിൽക്കാൻ സാധിക്കാത്തതുകൊണ്ടും, വർഷത്തിൽ എല്ലാ ദിവസവും ജോലി കിട്ടാൻ സാദ്ധ്യതയില്ലാത്തതുകൊണ്ടും, പാലക്കാടു്, വള്ളുവനാടു്, വയനാടു് എന്നിവിടങ്ങളിൽ പ്രത്യേക പരിഗണന നൽകി ലേബർ ഡിപ്പാർട്ടുമെന്റു് ഉദ്യോഗസ്ഥന്മാർക്കു ചില നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടു്. അവരുടെ കാര്യം വരുമ്പോൾ ന്യായമായി കിട്ടേണ്ട എല്ലാ അവകാശങ്ങളും ലേബർ ഡിപ്പാർട്ടുമെന്റു മുഖേന നൽകാൻ ഉടനടിയായി നടപടി സ്വീകരിക്കണമെന്നു ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു. അവരു

LIBRARY ARCHIVES Kerala Legislative Assembly

മായി ചേർന്ന ന്യായമായ എല്ലാ പ്രശ്നങ്ങളും ഒത്തുതീർപ്പിലും രമ്യതയിലും എത്തിക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. എന്തായാലും മിനിമം വേജസ് നടപ്പാക്കാൻ കാലതാമസം ഉണ്ടാകുമെന്ന കരുതേണ്ടതില്ല.

ശ്രീ. ആർ, കൃഷ്ണൻ പറഞ്ഞു, രാജ്യത്തെ എല്ലാ കർഷകത്തൊഴിലാളികളേയും പഞ്ചായത്തിന്റെ കീഴിൽ സംഘടിപ്പിച്ച് ലിസ്റ്റുണ്ടാക്കണമെന്ന്. ഏതേത് ജോലിക്കാർ, ഏതേത് ജന്മിയുടെ ജോലിക്ക് പോയി എന്നും മറ്റും ശരിയായ വിവരം സൂക്ഷിക്കുന്നതെങ്ങനെയെന്ന മനസിലാകുന്നില്ല. അതു പ്രായോഗികമായ ഒരു സംമ്പ്രദായമല്ല. ഒരാഴ്ച ഒരു മാസത്തെ ജോലിയാണെങ്കിൽ, വേറൊരാഴ്ച രണ്ടുമാസത്തെ ജോലിയായിരിക്കും. അതു പോലെതന്നെ കൃഷിയും വ്യത്യാസപ്പെട്ടതായിരിക്കും. പഞ്ചായത്തടിസ്ഥാനത്തിൽ, ജോലിക്കാരെയും, കൃഷിഉടമകളെയും സംബന്ധിച്ച വ്യക്തമായ കണക്ക് വയ്ക്കാൻ ബുദ്ധിമുട്ട് നേരിടുന്നതാണ്. ഇപ്പോൾ സെൻസസ് അനുസരിച്ച് ആവശ്യമുള്ള വിവരം കയ്യിലുണ്ട്. എത്ര കർഷകത്തൊഴിലാളികളുണ്ടെന്ന വിവരമുണ്ട്. അവർ ഇന്ന സംഘടിച്ചുവരികയാണ്. അവരുടെ ശക്തിയെപ്പറ്റി അവർക്ക് ഒരു ബോധം വന്നാൽമതി, ഇന്നത്തെ സാമൂഹിക പരിവർത്തനം അനുസരിച്ച് അവർക്ക് മാറ്റം വന്നാൽ മറ്റു തൊഴിലാളി വർഗ്ഗത്തെപ്പോലെ കർഷകത്തൊഴിലാളികളും ഉയർന്നുവരും, സംഘടിതശക്തിമൂലം അഭിവൃദ്ധിയുണ്ടാകും. അതിനു നിയമത്തിന്റെ പ്രാബല്യവും അവർക്കുണ്ടാകും. അതനുസരിച്ച് നോക്കുമ്പോൾ ഈ പ്രമേയത്തിന്റെയും, ഭേദഗതികളുടെയും ആവശ്യമില്ല. ഇതനുസരിച്ച് നടപടികളും ഇന്ന നടപ്പായി തുടങ്ങിയിട്ടുണ്ട്. വളരെ താമസിയാതെതന്നെ മിനിമം വേജസു സംബന്ധിച്ച നോട്ടിഫിക്കേഷൻ ഉണ്ടാകും. അതു വന്നുകഴിഞ്ഞാൽ അതു പ്രയോഗത്തിൽ വരുത്തും. ആ നിലയ്ക്ക് പ്രമേയ കർത്താവു പ്രമേയം പ്രസുചെയ്യേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. അതു പിൻവലിക്കുമെന്ന പ്രതീക്ഷിക്കുന്നു.

**Deputy Speaker:** Mr. Kunjachan; are you pressing your amendment?

ശ്രീ. പി. കെ. കുഞ്ഞച്ചൻ : പ്രമേയാവതാരകൻ ഭേദഗതി സ്വീകരിക്കുന്നുണ്ടോ എന്നറിഞ്ഞില്ല.

**Deputy Speaker:** Mr. Vasu, are you accepting the amendment moved by Shri P. K. Kunjachan?

**Shri M. V. Vasu:** Madam, I accept the amendment moved by Shri P. K. Kunjachan.

**Deputy Speaker:** Mr. Vasu are you accepting the amendment moved by Shri O. Koran?

**Shri M. V. Vasu:** Madam, I accept the amendment moved by Shri O. Koran.

**Deputy Speaker:** Mr. P. C. Balakrishnan Nambiar, are you pressing your amendment?

**Shri. P. C. Balakrishnan Nambiar:** Madam, I am not pressing my amendment.

Amendment No. 4 moved by Shri P. C. Balakrishnan Nambiar, was, by leave, withdrawn.

**Deputy Speaker:** Mr: Vasu, are you accepting the amendment moved by Shri K. Krishan?

**Shri. M. V. Vasu :** Madam, I accept the amendment moved by Shri. K. Krishnan.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly



**Deputy Speakaer:** Mr. Vasu, are you pressing your Resolution.

**Shri M. V. Vasu:** Madam, I press my resolution.

Resolution No. 3 moved by Shri M. V. Vasu was put and lost.

**Deputy Speaker:** Order, order. The House stands adjourned to meet again at 8 a. m. on Monday, the 9th March, 1964.

The House adjourned at 12.30 p. m. to meet again at 8 a. m. on Monday, the 9th March 1964.